بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

**ജുമുഅഃ ഖുത്വ്ബ**

**സംഗ്രഹം**

**20-06-2025**

# മക്കാവിജയ പശ്ചാത്തലത്തിൽ നബിതിരുമേനി(സ) നടത്തിയ യുക്തിഭദ്രമായ നീക്കങ്ങൾ

സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്..) യു.കെ യിലെ മസ്ജിദ് മുബാറക്കിൽ വച്ച് നിർവഹിച്ചത്

اَشۡھَدُ اَنۡ لَّاۤ اِلٰہَ اِلَّا اللّٰہُ وَحۡدَہٗ لَا شَرِیۡکَ لَہٗ وَاَشۡھَدُ اَنَّ مُحَمَّدًا عَبۡدُہٗ وَ رَسُوۡلُہٗ

اَمَّا بَعۡدُ فَاَعُوۡذُ بِاللّٰہِ مِنَ الشَّیۡطٰنِ الرَّجِیۡمِ - بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ -

اَلۡحَمۡدُ لِلّٰہِ رَبِّ الۡعٰلَمِیۡنَ ۔ الرَّحۡمٰنِ الرَّحِیۡمِ ۔ مٰلِکِ یَوۡمِ الدِّیۡنِ ۔ اِیَّاکَ نَعۡبُدُ وَ اِیَّاکَ نَسۡتَعِیۡنُ ۔

اِھۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ ۔ صِرَاطَ الَّذِیۡنَ اَنۡعَمۡتَ عَلَیۡھِمۡ ۬ۙ غَیۡرِ الۡمَغۡضُوۡبِ عَلَیۡھِمۡ وَلَا الضَّآلِّیۡنَ ۔

മക്കായുദ്ധത്തെക്കുറിച്ചായിരുന്നു വിവരിച്ചു വന്നിരുന്നത്. അങ്കപ്പുറപ്പാടിന് മുമ്പ്, ഒരു സഹാബി തന്റെ അജ്ഞത കാരണം നബിതിരുമേനി(സ) യുടെ യാത്രയെക്കുറിച്ച് മക്കക്കാരെ അറിയിക്കാൻ ശ്രമിച്ചതായി പരാമർശിക്കപ്പെടുന്നു. എന്നാൽ അല്ലാഹു നബിതിരുമേനി(സ)യ്ക്ക് ഇക്കാര്യം അറിയിച്ചുകൊടുത്തു. അതിനാൽ നബിതിരുമേനി(സ) യുടെ പദ്ധതിയെക്കുറിച്ചുള്ള വിവരങ്ങൾ അവിശ്വാസികളിലേക്ക് എത്തിയില്ല. മദീനയിൽ നിന്ന് മക്കയിലേക്ക് പോകാനുള്ള ഒരുക്കങ്ങൾ ആരംഭിച്ചപ്പോൾ, ഒരു ബദ്‌വി സഹാബിയായ ഹാത്തിബ് ബിൻ അബി ബൽത്തഅ ഖുറൈശികൾക്ക് ഒരു കത്തെഴുതി, നബിതിരുമേനി(സ) നിങ്ങളുടെ അടുക്കലേക്ക് പുറപ്പെടാൻ പദ്ധതിയിട്ടിട്ടുണ്ടെന്ന് അവരെ അറിയിക്കാൻ ശ്രമിച്ചു. ഈ കത്ത് രഹസ്യമായി മക്കയിലെ ജനങ്ങൾക്ക് എത്തിക്കാനായി അദ്ദേഹം ഒരു സ്ത്രീയെ ശട്ടംകെട്ടി. ആ സ്ത്രീ കത്ത് തലമുടിക്കെട്ടിൽ സൂക്ഷിച്ച് മക്കയിലേക്കുള്ള പതിവ് വഴിയിൽ നിന്ന് മാറി സഞ്ചരിച്ചു. ഇക്കാര്യം അല്ലാഹു നബിതിരുമേനി (സ)യെ അറിയിച്ചു. ആ മഹാത്മാവ് ഹദ്റത്ത് അലി(റ)നെ വിളിച്ചുവരുത്തി ഈ കത്ത് ഹാജരാക്കാൻ മറ്റൊരു സഹാബിയോടൊപ്പം പറഞ്ഞയച്ചു. ഈ സഹാബികൾ ആ സ്ത്രീയെ തേടിപ്പിടിച്ച് കത്ത് ആവശ്യപ്പെട്ടു. തുടക്കത്തിൽ ആ സ്ത്രീ വിസമ്മതിച്ചെങ്കിലും കർശനമായി ചോദിച്ചപ്പോൾ, അവൾ ആ കത്ത് പുറത്തെടുത്ത് കൊടുത്തു. ഹദ്റത്ത് അലിയും മറ്റുള്ളവരും ആ സ്ത്രീയെ പ്രവാചക സമക്ഷം ഹാജരാക്കി. ഹദ്റത്ത് ഹാത്തിബ് ബിൻ അബി ബൽത്തഅ പറഞ്ഞു, 'ഞാൻ ഒരു വഞ്ചകനല്ല. എന്റെ സ്വത്തും കുട്ടികളും സുരക്ഷിതരായിരിക്കാൻ വേണ്ടി മക്കയിലെ ജനങ്ങൾക്ക്മേൽ എന്റെ എന്തെങ്കിലും ഔദാര്യമുണ്ടാകണമെന്ന് ഞാൻ ആഗ്രഹിച്ചു.' പ്രവാചകൻ(സ) പറഞ്ഞു,'ഇദ്ദേഹം സത്യം പറഞ്ഞിരിക്കുന്നു, അതിനാൽ ഇദ്ദേഹത്തെക്കുറിച്ച് നല്ലത് മാത്രം പറയുക.' ശേഷം അദ്ദേഹം ബദർ യുദ്ധത്തിൽ പങ്കെടുത്തിരുന്നില്ലേ എന്ന് നബിതിരുമേനി(സ) ഹദ്റത്ത് ഉമർ(റ)നോട് ചോദിച്ചു. ഇത് കേട്ടപ്പോൾ ഹദ്റത്ത് ഉമറിന്റെ കണ്ണുകൾ നിറഞ്ഞൊഴുകി. അല്ലാഹുവിനും അവന്റെ ദൂതനുമാണ് കാര്യങ്ങൾ നന്നായി അറിയുക എന്ന് അദ്ദേഹം മറുപടി നല്കി.

അതിനുശേഷം നബിതിരുമേനി(സ) യാത്ര ആരംഭിച്ചു. റമദാൻ പത്ത് കഴിഞ്ഞപ്പോൾ നബിതിരുമേനി(സ) മുഹാജിറുകൾ, അൻസാർ, അറേബ്യയിലെ മറ്റ് ആളുകൾ എന്നിവരോടൊപ്പം പുറപ്പെട്ടു. മുസ്നദ് അഹ്മദിന്റെ നിവേദനം അനുസരിച്ച്, റമദാൻ 2 ന് മദീനയിൽ നിന്ന് പുറപ്പെട്ടു. ബുഖാരിയുടെ വ്യാഖ്യാതാവായ അല്ലാമ ഇബ്നു ഹജറും റമദാൻ 2 ന്റെ വിവരണത്തിനാണ് മുൻഗണന നല്കിയിട്ടുള്ളത് മദീനയിൽ നിന്ന് പുറപ്പെടുമ്പോൾ, ഈ യാത്രയിലെ സൈനികരുടെ എണ്ണം ഏകദേശം

7,400 ആയിരുന്നു. വഴിയിൽ ഈ എണ്ണത്തിൽ വർദ്ധനവുണ്ടായി. ചില ഗ്രന്ഥങ്ങളിൽ ഈ സൈന്യത്തിന്റെ എണ്ണം 12,000 ആണെന്ന് വന്നിട്ടുണ്ടെങ്കിലും മിക്കഗ്രന്ഥങ്ങളിലും 10,000 എന്നാണുള്ളത്. അതുതന്നെയാണ് കൂടുതൽ കൃത്യമാണെന്ന് തോന്നുന്നു. ഈ യാത്രയിൽ നബിതിരുമേനി(സ)യ്ക്കൊപ്പം ഭാര്യമാരിൽ ഒരാളായ ഹദ്റത്ത് ഉമ്മുസലമയും ഉണ്ടായിരുന്നു. ചില റിപ്പോർട്ടുകൾ പ്രകാരം ഹദ്റത്ത് മൈമൂനയും ഉണ്ടായിരുന്നു. വേറെചില നിവേദനങ്ങളിൽ, പ്രവാചകപുത്രി ഹദ്റത്ത് ഫാത്തിമയും അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്നുവെന്ന് പരാമർശിക്കപ്പെട്ടിരിക്കുന്നു. ഈ യാത്ര റമദാൻ മാസത്തിലായിരുന്നു. യാത്രയുടെ ആദ്യ ദിവസങ്ങളിൽ അദ്ദേഹം നോമ്പനുഷ്ഠിച്ചു, തുടർന്ന് അദ്ദേഹം നോമ്പനുഷ്ഠിച്ചില്ല, എന്ന് മാത്രമല്ല മറ്റ് സ്വഹാബികളെയും നോമ്പിൽ നിന്ന് വിലക്കി.

ഈ യാത്രയ്ക്കിടെ, മൃഗങ്ങളോടുള്ള അനുകമ്പയുടെ ഒരു സംഭവം കാണാം. പ്രവാചകൻ മുഹമ്മദ്(സ) വഴിയിൽ ഒരു പെൺപട്ടിയെ കണ്ടു. അതിന്റെ കുഞ്ഞുങ്ങൾ അതിന്റെ പാൽ കുടിക്കുകയായിരുന്നു. സൈന്യത്തിൽ ആരും അതിനെയോ അതിന്റെ കുഞ്ഞുങ്ങളെയോ ബുദ്ധിമുട്ടിക്കാതിരിക്കാൻ അവയുടെ മുന്നിൽ നിൽക്കാൻ അദ്ദേഹം ഒരു സഹാബിയോട് കൽപ്പിച്ചു.

നബിതിരുമേനി(സ) ചാരന്മാരെ പിടികൂടാൻ ഒരു കുതിരപ്പടയെ മുന്നോടിയായി അയച്ചിരുന്നു. ഈ സംഘം ബനൂ ഹവാസിനിൽ നിന്നുള്ള ഒരു ചാരനെ പിടിച്ചു കൊണ്ടുവന്നു. നബിതിരുമേനി(സ) അയാളെ വിചാരണ ചെയ്തപ്പോൾ, ഹവാസിനുകാർ നബിക്കെതിരായി ഒത്തുകൂടുന്നുണ്ടെന്ന് അയാൾ അറിയിച്ചു. ഞങ്ങൾക്ക് അല്ലാഹു മതിയായവനാണെന്നും അവൻ ഏറ്റവും ഉത്തമനായ സഹായിയാണെന്നും നബിതങ്ങൾ(സ) പറഞ്ഞു. ഈ ചാരൻ മുമ്പേപോയി ജനങ്ങളെ കാര്യങ്ങൾ അറിയിക്കാതിരിക്കാൻ ഹദ്റത്ത് ഖാലിദ് ബിൻ വലീദിനോട് ഈ ചാരനെ തടയാൻ ഉത്തരവിട്ടു.

പ്രവാചകൻ മുസ്ലീങ്ങളെ ഗോത്രാടിസ്ഥാനത്തിൽ വിഭജിച്ചുകൊണ്ട് സൈന്യങ്ങൾ രൂപീകരിച്ചു. ഓരോ ഗോത്രത്തിനും അവരിൽ നിന്ന് തന്നെ സൈന്യാധിപനെ നിയമിച്ചു. അൻസാറിനെ അവരുടെ കുടുംബങ്ങളുടെ അടിസ്ഥാനത്തിൽ പന്ത്രണ്ട് വിഭാഗങ്ങളായി വിഭജിച്ചു. ആറ് സൈന്യങ്ങൾ വീതം ഔസ്, ഖസ്രജ് ഗോത്രങ്ങളിൽ നിന്നും നിയമിച്ചു. മുഹാജിറുകളുടെ മൂന്ന് പതാകകൾ വഹിച്ചിരുന്നത് ഹദ്റത്ത് അലി ബിൻ അബീ താലിബ് (റ), ഹദ്റത്ത് സുബൈർ ബിൻ അൽ-അവ്വാം (റ), ഹദ്റത്ത് സഅദ് ബിൻ അബീ വഖാസ് (റ) എന്നിവരായിരുന്നു.

ഈ യാത്രയിൽ, നബിതിരുമേനി(സ)ന്റെ ഇളയാപ്പയുടെ മകനും മുലകുടി സഹോദരനുമായ ഹദ്റത്ത് അബൂസുഫ്യാൻ ബിൻ ഹാരിസിന്റെയും അദ്ദേഹത്തിന്റെ മകൻ ജഅ്ഫറിന്റെയും അബ്ദുല്ലാഹ് ബിൻ അബീ ഉമയ്യ ബിൻ മുഗീറയുടെയും ഇസ്‌ലാമിലേക്കുള്ള മതപരിവർത്തനത്തെക്കുറിച്ചും പരാമർശമുണ്ട്.

ഇസ്ലാമിന്റെ കടുത്ത ശത്രുക്കളായിരുന്നതിനാൽ അവർ നബിയെ കാണാൻ ഭയപ്പെട്ടു. അബ്ദുല്ലാഹ് ബിൻ ഉമയ്യയുടെ സഹോദരിയായ ഉമ്മുൽ മുഅ്മിനീൻ ഹദ്റത്ത് ഉമ്മു സലമ, നബിതങ്ങളുടെ ഇളയാപ്പയുടെ മകനായ അബു സുഫ്‌യാനും പിതൃസഹോദരിയുടെ മകനായ അബ്ദുല്ലയും കാണാൻ ആഗ്രഹിക്കുന്നുവെന്ന് പറഞ്ഞു. തിരുമേനി(സ) പറഞ്ഞു, 'എനിക്ക് അവരെ ആവശ്യമില്ല, ഞാൻ അവരെ കാണാൻ ആഗ്രഹിക്കുന്നില്ല. എന്റെ ഇളയാപ്പയുടെ മകൻ എന്നെ അപമാനിച്ചു.' അദ്ദേഹം ഒരു കവിയായിരുന്നു. കവിതയിലൂടെ നബിയെ പരിഹസിക്കാറുണ്ടായിരുന്നു. അബ്ദുല്ലയാണെങ്കിൽ മക്കയിൽ നബിക്കെതിരെ പല അതിക്രമങ്ങളും ചെയ്തിരുന്നു. ഈ വാർത്ത അബു സുഫ്‌യാൻ ബിൻ ഹാരിസിലേക്കെത്തിയപ്പോൾ, അദ്ദേഹം വികാരാധീനനായി പറഞ്ഞു, 'മുഹമ്മദ്(സ) എന്നിൽ സംതൃപ്തനല്ലെങ്കിൽ, എന്നെ കാണാൻ അനുവദിച്ചില്ലെങ്കിൽ, ഞാൻ എന്റെ മകനെ കൂട്ടി വിശപ്പും ദാഹവും കൊണ്ട് മരിക്കുന്നതുവരെ മരുഭൂമിയിൽ കഴിയുന്നതാണ്.' തിരുമേനിക്ക് (സ)ഇതറിഞ്ഞപ്പോൾ മനസ്സലിഞ്ഞു. ഇരുവരെയും വിളിച്ച് ദർശനസൗഭാഗ്യമേകി.

ഹിജ്റ വർഷം പതിനഞ്ചിനോ ഇരുപതിനോ ഹദ്റത്ത് അബൂസുഫ്യാൻ ബിൻ ഹാരിസ്(റ) മരണപ്പെട്ടു. ഹദ്റത്ത് ഉമർ(റ) അദ്ദേഹത്തിന്റെ ജനാസ നമസ്ക്കാരത്തിന് നേതൃത്വം നല്കി. ഹദ്റത്ത് അബ്ദുല്ല ബിൻ അബി ഉമയ്യ ബിൻ മുഗീറയുടെ പേര് ഹുദൈഫ എന്നായിരുന്നു, അദ്ദേഹം നബിതിരുമേനി(സ)യുടെ പിതൃസഹോദരി ആതികയുടെ മകനായിരുന്നു. ഉമ്മുൽ മുഅ്മിനീൻ ഹദ്റത്ത് ഉമ്മു സലമയുടെ സഹോദരനും കൂടിയായിരുന്നു അദ്ദേഹം. ഇസ്ലാം സ്വീകരിച്ച ശേഷം, ഹുനൈൻ യുദ്ധത്തിൽ അത്യധികം ആവേശത്തോടെ പങ്കെടുക്കുകയും തായിഫ് യുദ്ധത്തിൽ ഒരു അമ്പെയ്ത്തിൽ രക്തസാക്ഷിയാവുകയും ചെയ്തു.

ഈ ദൗത്യത്തിൽ, ഹദ്റത്ത് അബ്ബാസ്(റ) ഇസ്ലാമിക സൈന്യത്തിൽ ചേർന്നതിനെക്കുറിച്ച് ഇപ്രകാരം എഴുതിയിരിക്കുന്നു, തിരുമേനി (സ) മദീനയിൽ നിന്ന് മക്കയിലേക്ക് യാത്ര ആരംഭിച്ചപ്പോൾ,

ഹദ്റത്ത് അബ്ബാസ് മദീനയിലേക്കുള്ള ഹിജ്റത്തിനായി തയ്യാറെടുപ്പുകൾ നടത്തി. ഹദ്റത്ത് അബ്ബാസ് ജഹ്ഫയിൽ വച്ച് നബിതിരുമേനി(സ)യെ കണ്ടുമുട്ടി. തന്റെ സാധനങ്ങൾ മദീനയിലേക്ക് അയച്ചിട്ട് തിരുനബിയോടൊപ്പം മക്കയിലേക്ക് പുറപ്പെട്ടു. തിരുനബിയുടെ ഇളയാപ്പയായിരുന്ന അദ്ദേഹത്തിന് തിരുമേനിയേക്കാൾ രണ്ടോ മൂന്നോ വയസ്സ് കൂടുതലായിരുന്നു. മകൻ ഫദ്ൽ ബിൻ അബ്ബാസിന്റെ പേരിൽ അദ്ദേഹം അബു അൽ-ഫദ്ൽ എന്ന വിളിപ്പേരിൽ അറിയപ്പെട്ടു. ഹദ്റത്ത് അബു താലിബിനുശേഷം, തീർത്ഥാടകർക്ക് വെള്ളം നൽകേണ്ടത് അദ്ദേഹത്തിന്റെ ഉത്തരവാദിത്തമായിരുന്നു. ഹുനൈൻ യുദ്ധത്തിൽ അദ്ദേഹം നബിതിരുമേനി(സ) യോടൊപ്പം ഉറച്ചുനിന്നു. ഹിജ്റി മുപ്പത്തിരണ്ടാം അല്ലെങ്കിൽ മുപ്പത്തിമൂന്നാം വർഷത്തിൽ മരണമടഞ്ഞു.

നബിതിരുമേനി(സ)യുടെ മികച്ച സൈനിക തന്ത്രവും പ്രാർത്ഥനയും കാരണം, മദീനയിൽ നിന്ന് പുറപ്പെട്ട പതിനായിരം പേരടങ്ങുന്ന സൈന്യം ഏകദേശം നാനൂറ് കിലോമീറ്റർ സഞ്ചരിച്ച് മക്കയിൽ നിന്ന് അഞ്ച് മൈൽ മാത്രം അകലെ താവളമടിച്ചിട്ടും ആ വാർത്ത ജനങ്ങളിലേക്ക് എത്താതിരുന്നത് വലിയ ഒരു അത്ഭുതമായിരുന്നു.

നബിതിരുമേനി(സ) ഇശാഅ് സമയത്ത്, മക്കയിൽ നിന്ന് അഞ്ച് മൈൽ അകലെയുള്ള മർറുൽ-സഹ്റാനിൽ തമ്പടിച്ചു, പതിനായിരം വിളക്കുകൾ കത്തിക്കാൻ സഹാബികളോട് കൽപ്പിച്ചു. സൈന്യത്തിന്റെ മേൽനോട്ടച്ചുമതല ഹദ്റത്ത് ഉമറിനെ ഏൽപ്പിച്ചു.

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു, അറേബ്യയുടെ ചരിത്രത്തിൽ അഹ്സാബ് യുദ്ധത്തിലൊഴികെ ഇത്രയും വലിയൊരു സൈന്യം രൂപപ്പെട്ടിട്ടില്ല. അഹ്സാബിൽ പത്ത് പന്ത്രണ്ടായിരം ആളുകൾ ഉണ്ടായിരുന്നു. അറേബ്യയുടെ ചരിത്രത്തിൽ ഇത്രയും വലിയൊരു സൈന്യത്തിന്റെ രണ്ടാമത്തെ ഉദാഹരണമാണിതെന്ന് പറയാം. എന്നാൽ ഇത്രയും വലിയൊരു സൈന്യം മദീനയിൽ നിന്ന് പുറപ്പെടുന്നു, എന്നാൽ ആരും അത് അറിയുന്നില്ല, അപ്പോൾ സർവ്വശക്തനായ അല്ലാഹു അത്ഭുതകരമായി തന്റെ സംഘത്തെ താൻ രക്ഷിക്കുന്നതും അവരുടെ സംഘത്തെ താൻ തകർക്കുന്നതും എങ്ങനെയാണെന്ന് കാണിച്ചു കൊടുത്തു. അങ്ങനെ തിരുനബി(സ) പുറത്തുവന്നപ്പോൾ പറഞ്ഞു, 'എന്റെ ദൈവമേ! അവിടെയുണ്ടായിരുന്നവരുടെ ചെവികൾ ബധിരമാക്കുകയും അവരുടെ ചാരന്മാരെ അന്ധരാക്കുകയും ചെയ്യണമേ, അങ്ങനെ അവർ ഞങ്ങളെ കാണുകയോ ഞങ്ങളെക്കുറിച്ച് ഒന്നും കേൾക്കുകയോ ചെയ്യാതിരിക്കണമേ.'

മദീനയിൽ നൂറുകണക്കിന് കപടവിശ്വാസികൾ ഉണ്ടായിരുന്നു, പക്ഷേ പതിനായിരം പേരുടെ ഒരു സൈന്യം മദീനയിൽ നിന്ന് പുറത്തുവന്നിട്ടും മക്കക്കാർക്ക് ഒരു വാർത്തയും ലഭിച്ചില്ല. മക്കയിലെ ജനങ്ങൾ തീർച്ചയായും നബിതങ്ങൾ അവരെ ആക്രമിച്ചേക്കുമെന്ന് ഭയപ്പെട്ടിരുന്നു. എന്നാൽ ഇത്രയും വലിയ സൈന്യവുമായി നബിതിരുമേനി(സ) അവരുടെ അടുത്തെത്തിയത് അവർ അറിഞ്ഞില്ലായിരുന്നു. അപകടം കണക്കിലെടുത്ത് മക്കയിലെ ജനങ്ങൾ രാത്രിയിൽ റോന്തുചുറ്റാറുണ്ടായിരുന്നു. അത്തരമൊരു രാത്രിയിൽ, അബു സുഫ്യാൻ തന്റെ രണ്ട് കൂട്ടാളികളായ ഹക്കിം ബിൻ ഹിസാമും മറ്റൊരു തലവനും ചേർന്ന് റോന്തുചുറ്റുകയായിരുന്നു. ഇത്രയും കൂടുതൽ തീനാളങ്ങൾ ഉയരുന്നത് കണ്ടപ്പോൾ അവർ ഊഹാപോഹങ്ങൾ നടത്താൻ തുടങ്ങി. ഈ തീവെട്ടങ്ങൾ അബു സുഫ്യാനെയും കൂട്ടാളികളെയും ഭയപ്പെടുത്തി. അവർ അതെകുറിച്ച് സംസാരിക്കുകയായിരുന്നു, അപ്പോൾ തിരുനബിയുടെ ചാരന്മാർ അവരെ പിടികൂടി. തിരുനബിസമക്ഷം ഹാജരാക്കാൻ കൊണ്ടുപോയി.

ഇതിന്റെ വിശദാംശങ്ങൾ ഒരുപാടുണ്ട്. ഇൻശാ അല്ലാഹ് പിന്നീട് വിശദീകരിക്കുന്നതാണ്.

ഖുത്ബയുടെ അവസാനം, ഹുസൂർ തിരുമനസ്സ് ദുആകളിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് പറഞ്ഞു: ഞാൻ എപ്പോഴും പറയുന്നതുപോലെ, പ്രാർത്ഥനകളിൽ ശ്രദ്ധ ചെലുത്തിക്കൊണ്ടിരിക്കുക. സർവ്വശക്തനായ അല്ലാഹു ലോകത്തെ കുഴപ്പങ്ങളിൽ നിന്ന് രക്ഷിക്കട്ടെ. നിലവിൽ സാഹചര്യം മോശമായി കൊണ്ടിരിക്കുകയാണ്. കൂടുതൽ നാശത്തിലേക്ക് പോകാതിരിക്കാൻ സർവ്വശക്തനായ അല്ലാഹു അതിനെ മെച്ചപ്പെടുത്തട്ടെ.

*വിവ: പി. കെ. അംനാസ്*

اَلْحَمْدُ لِلّٰهِ نَحْمَدُهُ وَ نَسْتَعِيْنُهُ وَ نَسْتَغْفِرُهُ وَنُؤْمِنُ بِهِ وَ نَتَوَكَّلُ عَلَيْهِ وَ نَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلاَ مُضِلَّ لَهُ وَمَنْ يُضْلِلْهُ فَلا هَادِيَ لَهُ۔ وَنَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهُ وَ رَسُوْلُهُ۔ عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِي الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرْ۔

**FRIDAY SERMON SUMMARY** DELIVERED BY**HADRAT KHALIFATUL MASIH V(ATBA)**
AT MASJID MUBARAK UK ON 20.06.2025
MALAYALAM TRANSLATION BY PK AMNAS *SHAHID*
FOR MALAYALAM DESK, QADIAN
PUBLISHED BY NAZARAT NASHR-O-ISHAAT,
SADR ANJUMAN AHMADIYYA QADIAN 143516